# Press Release

## തരീസ്സാപ്പള്ളി പട്ടയം മതസൗഹാർദ്ദത്തിന്റെ ആദ്യമാതൃക :
## ഡോ. എം. ജി. എസ് നാരായണൻ

കോട്ടയം: ലോകത്തെ മതസൗഹാർദ്ദത്തിന്റെ ആദ്യമാതൃകയാണ് തരീസ്സാപ്പള്ളി പട്ടയത്തിലൂടെ കേരളത്തിന് ലഭ്യമായതെന്ന് പ്രശസ്ത ചരിത്രകാരൻ ഡോ. എം. ജി. എസ് നാരായണൻ പ്രസ്താവിച്ചു. അന്തർദ്ദേശീയ ചരിത്ര കോൺഫ്രൻസിനോടനുബന്ധിച്ച് പഴയ സെമിനാരിയിൽ നടന്ന ദേശീയ സെമിനാർ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

വേണാട് രാജ്വ്, ജൂദ-ക്രിസ്ത്യൻ-മുസ്ലീം സംഘടനകളെയാണ് പള്ളിയുടെയും അങ്ങാടിയുടെയും സംരക്ഷണം ഏൽപ്പിച്ചത്. ഇത് കേരളത്തിന്റെ മതസൗഹാർദ്ദ ചരിത്രത്തിന്റെ പ്രാമാണിക രേഖയാണ്. അതിനാൽ ജാതിഭേദമന്യെ ചരിത്രപരമായ രേഖകളും ദേവാലയങ്ങളും ശാസ്ത്രീയമായി സംരക്ഷിക്കുന്നത് മതസൗഹാർദ്ദ ചരിത്ര രചനകൾക്ക് പ്രചോദനമാകും.

കേരളത്തിൽ ഇംഗ്ലീഷ് ഭാഷ വികസിച്ചില്ലായിരുന്നെങ്കിൽ ഇന്നും വിവിധ നാട്ടുരാജ്യങ്ങളായി നിലനിൽക്കുമായിരുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രചാരമാണ് നാട്ടുരാജ്യങ്ങളെ ഏകീകരിക്കുവാൻ മുഖ്യപങ്കുവഹിച്ചത്. ഇംഗ്ലീഷ് പരിചയത്തിന്റെ ഫലമായാണ് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ മലയാളികൾക്ക് പ്രവർത്തിക്കുവാൻ കഴിയുന്നതെന്നും എം. ജി. എസ് പറഞ്ഞു.

പ്രിൻസിപ്പാൾ ഫാ ഡോ. ഒ. തോമസ് അദ്ധ്യക്ഷത വഹിച്ചു. ഡോ. ഓഫീറാ ഗാംലിയേൽ (ജർമ്മനി) മുഖ്യപ്രഭാഷണം നടത്തി. ഡോ. യൂഹാനോൻ മാർ ദെമിത്രയോസ്, ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ, പ്രൊഫ. ഇ. ശ്രീജിത്ത്, സഭാ മാനേജിംഗ് കമ്മറ്റി അംഗം എ. കെ. ജോസഫ് , പ്രൊഫ. സുജ സൂസൻ ജോർജ്ജ്, അജിത് കെ. ശ്രീധർ, കമാൻഡർ കെ. ഒ. ഏലിയാസ്, ഡോ. കുര്യൻ തോമസ് എന്നിവർ പ്രസംഗിച്ചു.

കെ. സഖറിയാ റമ്പാൻ, ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ, ഡോ. യൂഹാനോൻ മാർ ദെമിത്രയോസ്, പ്രിൻസിപ്പാൾ ഫാ. ഡോ. ഒ. തോമസ്, ഡോ. ഓഫീറാ ഗാംലിയേൽ, എ. കെ. ജോസഫ് എന്നിവർ സമീപം